# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
# ജില്ലാ ഓഫീസ്, കോഴിക്കോട്

സാധ്യതാ പട്ടിക നമ്പർ: പി. എൽ. 6/2008/ഡി.ഒ.ഡി. കോഴിക്കോട്,
കാറ്റഗറി നമ്പർ: 106/2006 20.12.2008.

## <u>വിജ്ഞാപനം</u>

13.10.2006, 26.12.2006 എന്നീ തീയതികളിലെ ഗസറ്റ് വിജ്ഞാപന പ്രകാരം കോഴിക്കോട് ജില്ലയിൽ ലാന്റ് റവന്യൂ വകുപ്പിൽ 2650-4150/- രൂപ ശമ്പള നിരക്കിൽ വില്ലേജ്മാൻ (കാറ്റഗറി നമ്പർ 106/2006) (സ്പെഷ്യൽ റിക്രൂട്ട്മെന്റ് – പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം) തസ്തികയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിനായി 03.05.2008 തീയതിയിൽ നടത്തിയ ഒബ്ജക്ടീവ് (ഒ.എം.ആർ. മൂല്യനിർണ്ണയം) മാതൃകയിലുള്ള പരീക്ഷയുടെ അടിസ്ഥാനത്തിൽ റാങ്ക് പട്ടികയിൽ ഉൾപ്പെടാൻ സോപാധികമായി അർഹരാണെന്ന് കണ്ട ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകൾ ഉൾപ്പെട്ട സാധ്യതാ ലിസ്റ്റ് ചുവടെ ചേർത്തിരിക്കുന്നു. പ്രസ്തുത ലിസ്റ്റ് ഉദ്യോഗാർത്ഥികളുടെ റാങ്ക് അടിസ്ഥാനത്തിലുള്ളതല്ല. പരീക്ഷയ്ക്ക് അനുവദിച്ച രജിസ്റ്റർ നമ്പറിന്റെ ക്രമത്തിൽ മാത്രമാണ് നമ്പറുകൾ പ്രസിദ്ധീകരിച്ചിട്ടുള്ളത്.

റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിന് മുന്നോടിയായി സാധ്യതാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളുടെ ജനനത്തീയതി, സമുദായം, യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ അസ്സൽ രേഖകൾ പരിശോധനക്ക് വിധേയമാക്കുന്നതാണ്. അതിനുശേഷം സൈക്ലിംഗ് ടെസ്റ്റ് നടത്തുന്നതുമാണ്.

പരീക്ഷയിൽ 31 (മുപ്പത്തി ഒന്ന്) ഉം അതിൽ കൂടുതലും മാർക്ക് ലഭിച്ച ഉദ്യോഗാർത്ഥികളെയാണ് ഈ സാധ്യതാ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്

രജിസ്റ്റർ നമ്പറുകൾക്കു മുന്നിലായി കോഴിക്കോട് ജില്ലയെ സൂചിപ്പിക്കുന്ന 'ഡി' (D) എന്ന അക്ഷരം ചേർത്തു വായിക്കേണ്ടതാണ്.

## <u>മുഖ്യപട്ടിക</u>

| | | | | |
|---|---|---|---|---|
| 100001 | 100006 | 100008 | 100019 | 100023 |
| 100026 | 100032 | 100042 | 100044 | 100048 |
| 100049 | 100054 | 100072 | 100081 | 100087 |
| 100106 | 100109 | 100119 | 100143 | 100164 |
| 100175 | 100181 | 100187 | 100188 | 100192 |

## <u>വികലാംഗരുടെ പ്രത്യേകപട്ടിക</u>
## <u>ഇല്ല</u>

(തുടർച്ച .. 2)

<u>കുറിപ്പ്:–</u>

1) അപേക്ഷകളുടെ സൂക്ഷ്മ പരിശോധനക്കും നിരുപാധിക സ്വീകാര്യതക്കും വിധേയമായി തീർത്തും സോപാധികമായാണ് രജിസ്റ്റർ നമ്പറുകൾ ഈ പട്ടികയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. സാധ്യതാ പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടു എന്നത് റാങ്ക് പട്ടികയിൽ ഉൾപ്പെടുന്നതിന് യാതൊരു അവകാശവും ഉദ്യോഗാർത്ഥികൾക്ക് പ്രദാനം ചെയ്യുന്നില്ല.

2) അപേക്ഷയിൽ ഉദ്യോഗാർത്ഥി രേഖപ്പെടുത്തിയിട്ടുള്ള വിശദാംശങ്ങളെ അടിസ്ഥാനമാക്കിയാണ് സാധ്യതാ പട്ടിക തയ്യാറാക്കിയിട്ടുള്ളത്. അതിനു ശേഷമുള്ള അവകാശവാദങ്ങൾ ഒരു ഘട്ടത്തിലും പരിഗണിക്കപ്പെടുന്നതല്ല.

3) സാധ്യതാ പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ, അവരുടെ അപേക്ഷയിൽ അവകാശപ്പെട്ടിരിക്കുന്ന കാര്യങ്ങൾ – അതായത് വിദ്യാഭ്യാസ യോഗ്യത, ജനനത്തീയതി, ജാതി മറ്റു ആനുകൂല്യങ്ങൾ അവകാശപ്പെട്ടിരുന്നെങ്കിൽ അതും തെളിയിക്കുന്നതിന് ആവശ്യമായ പ്രമാണങ്ങളുടെ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പും സഹിതം കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ കോഴിക്കോട് ജില്ലാ ഓഫീസിൽ സ്വന്തം ചെലവിൽ നേരിട്ട് ഹാജരാകേണ്ടതാണ്. പ്രമാണങ്ങളുടെ പരിശോധനയ്ക്ക് നേരിൽ ഹാജരാകാത്ത ഉദ്യോഗാർത്ഥിയുടെ പേരുകൾ റാങ്കു പട്ടികയിൽ ഉൾപ്പെടുത്തുന്നതല്ല. സൈക്ലിംഗ് ടെസ്റ്റിന് ഉദ്യോഗാർത്ഥികൾ സൈക്കിൾ കൊണ്ടുവരേണ്ടതാണ്. വനിതകളെ സൈക്ലിംഗ് ടെസ്റ്റിൽനിന്നും ഒഴിവാക്കിയിട്ടില്ല. സൈക്ലിംഗ് ടെസ്റ്റിൽ അയോഗ്യരാകുന്നവരെ റാങ്കുപട്ടികയിൽ ഉൾപ്പെടുത്തുന്നതല്ല. ഉദ്യോഗാർത്ഥികൾ നേരിട്ടല്ലാതെ ഹാജരാകുന്ന രേഖകൾ സ്വീകരിക്കുന്നതല്ല.

4) സാധ്യതാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്കായുള്ള അസ്സൽ പ്രമാണങ്ങളുടെ പരിശോധന, സൈക്ലിംഗ് ടെസ്റ്റ് എന്നിവയ്ക്കുള്ള സമയവും തിയതിയും ഉദ്യോഗാർത്ഥികളെ പിന്നീട് അറിയിക്കുന്നതാണ്. ഇതു സംബന്ധിച്ച് വ്യക്തിഗത മെമ്മോ അയയ്ക്കുന്നതാണ്.

5) കമ്മീഷന്റെ 19.11.2008 തീയതിയിലെ ER IX/2893/08/EW നമ്പർ വിജ്ഞാപനപ്രകാരം അസാധുവാക്കപ്പെട്ട ഉത്തരക്കടലാസുകളുടെ രജിസ്റ്റർ നമ്പറുകൾ ഈ ലിസ്റ്റിൽ ഉൾപ്പെടുത്താൻ പരിഗണിച്ചിട്ടില്ല.

6) നിലവിലുള്ള നടപടി ക്രമമനുസരിച്ച് ഉത്തരക്കടലാസുകളുടെ പുന:പരിശോധന, റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം മാത്രമേ അനുവദിക്കുകയുള്ളൂ.

| **ഉദ്യോഗാർത്ഥികൾ ഹാജരാക്കേണ്ട പ്രമാണങ്ങൾ** | | |
|---|---|---|
| 1 | ജനനത്തീയ്യതി | ബന്ധപ്പെട്ട സ്കൂൾ രേഖകളുടെ അസ്സലും പകർപ്പും |
| 2 | വിദ്യാഭ്യാസയോഗ്യത | ഏഴാം ക്ലാസ്/തേർഡ് ഫാറം വിജയിച്ചു എന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (അസ്സലും പകർപ്പും) |
| 3 | ജാതി, സമുദായം (സംവരണാനുകൂല്യത്തിന്) | ജാതിസർട്ടിഫിക്കറ്റ് (അസ്സലും 2 പകർപ്പും) |
| 4 | കോഴിക്കോട് ജില്ലക്കാരായ ഉദ്യോഗാർത്ഥികൾ | നിർദ്ദിഷ്ട മാതൃകയിലുള്ള നേറ്റിവിറ്റി സർട്ടിഫിക്കറ്റ് (ഒറിജിനൽ) |
| 5 | പേര്, ജനനത്തീയതി, ജാതി, ഒപ്പ് എന്നിവയുടെ വ്യത്യാസം വരുത്തിയിട്ടുള്ളവർ അവ തെളിയിക്കുന്നതിനാവശ്യമായ വിജ്ഞാപനവും പകർപ്പും | |

(തുടർച്ച .. 3)

സമയബന്ധിതമായി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതിനാൽ അസ്സൽ രേഖകളും വകുപ്പുകളും ഹാജരാക്കുന്നതിന് കൂടുതൽ സമയം അനുവദിക്കുകയോ വീണ്ടുമൊരവസരം നൽകുകയോ ചെയ്യുന്നതല്ല. സൈക്ലിംഗ് ടെസ്റ്റിനും സർട്ടിഫിക്കറ്റുകളുടെ പരിശോധനയ്ക്കും അനുവദിക്കപ്പെട്ട തീയ്യതിയോ സമയമോ മാറ്റിക്കൊടുക്കുന്നതല്ല. ആകയാൽ അവസരം നഷ്ടപ്പെടാതിരിക്കാൻ ഉദ്യോഗാർത്ഥികൾ ദിവസവും സമയവും കൃത്യമായി മനസ്സിലാക്കി കൃത്യസമയത്ത് നേരിട്ട് ഹാജരാകേണ്ടതാണ്.

(കമ്മീഷന്റെ ഉത്തരവിൻ പ്രകാരം)

എസ്. വർദ്ധനൻ,
ജില്ലാ ഓഫീസർ,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
ജില്ലാ ഓഫീസ്, കോഴിക്കോട്.

വിതരണാനുമതി നൽകുന്നു.

സെക്ഷൻ ഓഫീസർ.

SPK/26.12.’08/KPSC 1.